ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ

ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ

GOD

Global Organisation for Divinity



# MAHAMANTHRA KEERTHANAM

# മഹാമന്ത്ര കീർത്തനം

ശ്രീ ശ്രീ മുരളീധര സ്വാമിജിയാൽ രചിക്കപ്പെട്ട
മഹാമന്ത്ര കീർത്തനത്തിന്റെ മലയാള തർജ്ജമ

ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ

ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ

***ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ***
***ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ***

1. കലിയെയും ജയിച്ചീടും ഒരു നിയമവുമില്ലാത്ത
കീർത്തനം പാടീടാം കീർത്തനം പാടീടാം *(ഹരേ...)*

2. ഈരെട്ടാവരണം നീക്കിയെ മുക്തിയെ നൽകീടും
ഈരെട്ട് പദങ്ങൾ കൊണ്ട കീർത്തനം പാടീടാം *(ഹരേ...)*

3. ഇഹലോക ആശകളും പരലോക ആശകളും
തത്ക്ഷണം നിറവേറ്റും കീർത്തനം പാടീടാം *(ഹരേ...)*

4. പണമോ ചിലവില്ല എങ്കിലും അനുഗ്രഹം ചൊരിഞ്ഞീടും
മറു ജന്മം ഇല്ലാതാക്കും കീർത്തനം പാടീടാം *(ഹരേ...)*

5. പണ്ഡിതന്മാർ മുതൽ പാമരന്മാർ വരെ
അവലംബിച്ചീടും കീർത്തനം പാടീടാം *(ഹരേ...)*

6. വാരി എറിഞ്ഞാലും രത്നം രത്നം തന്നെ
അരുമയിൽ അരുമയായ കീർത്തനം പാടീടാം *(ഹരേ...)*

7. ജനങ്ങളെ ഉദ്ധരിക്കാൻ ഒരു വഴി കണ്ടല്ലോ
ദുരിതങ്ങൾ അകറ്റീടും കീർത്തനം പാടീടാം *(ഹരേ...)*

8. യോഗവും യാഗവും തീർത്ഥവും ദൈവവും
ഉൾകൊണ്ട നാമത്തെ കീർത്തനം പാടീടാം *(ഹരേ...)*

ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ

ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ

9. ചിദാകാശം തന്നിൽ വിളങ്ങീടും നാമമാം
യോഗസിദ്ധി നൽകീടും കീർത്തനം പാടീടാം *(ഹരേ...)*

10. പാടീടും ഭക്തരെയും പാടീടും സ്ഥലത്തേയും
പാവനമാക്കീടും കീർത്തനം പാടീടാം *(ഹരേ...)*

11. പക്ഷി മൃഗാദികൾക്കും സസ്യ ലതാദികൾക്കും
മുക്തിയെ നൽകീടും കീർത്തനം പാടീടാം *(ഹരേ...)*

12. ദേവനെ കണ്ടീടാം ദൈവവും ഉരിയാടും
ലോകം നമിച്ചീടും കീർത്തനം പാടീടാം *(ഹരേ...)*

13. ലോകമെങ്ങും പ്രചരിപ്പിക്കും എന്ന് ശപഥം ചെയ്തീടിനാൻ
ആ ശപഥം നിറവേറ്റാൻ കീർത്തനം പാടീടാം *(ഹരേ...)*

14. ആഹാരം മാറിയാലും നീരിൽ മാറ്റമുണ്ടോ
നീർ പോലെ ആധാരമാം കീർത്തനം പാടീടാം *(ഹരേ...)*

15. ഇരിക്കും ഇടത്തിൽ തന്നെ ഉള്ള സ്ഥിതിയിൽ തന്നെ
അല്ലൽ അറുത്തീടും കീർത്തനം പാടീടാം *(ഹരേ...)*

16. ചൈതന്യ ദേവനും നിത്യാനന്ദനും
ഭക്തിധാര പ്രവഹിപ്പിച്ച കീർത്തനം പാടീടാം *(ഹരേ...)*

***ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ***
***ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ***

ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ   ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ



മഹാരണ്യം **ശ്രീ ശ്രീ മുരളീധര സ്വാമിജിയുടെ** അനുഗ്രഹത്താൽ ഗ്ലോബൽ ഓർഗനൈസേഷൻ ഫോർ ഡിവിനിറ്റി എന്ന സംഘടനയുടെ ഒരു മഹത്തായ സംരംഭമാണ് നാമദ്വാർ. മഹാമന്ത്ര പ്രചാരണത്തിലൂടെ ലോകമെങ്ങും ശാന്തിയും സമാധാനവും സമൃദ്ധിയും സാഹോദര്യവും നിലനിർത്തുകയും ജനങ്ങൾക്ക് ലൗകീക തലത്തിലും ആത്മീയ തലത്തിലും ഉന്നതി പ്രധാനം ചെയ്യുകയുമാണ് ഈ സംരംഭത്തിന്റെ സദുദ്ദേശം.

തൃപ്പുണിത്തുറ നാമദ്വാർ വടക്കേകോട്ടയിൽ പ്രവർത്തിച്ചു വരുന്നു. ആർക്കും ഒരു നിബന്ധനകളുമില്ലാതെ അവിടെ വന്നു മഹാമന്ത്രം ജപിക്കുകയും സദ്സംഘത്തിൽ പങ്കുചേരാവുന്നതുമാണ്. ഇത് കൂടാതെ വീടുകളിൽ ചെന്ന് മഹാമന്ത്ര ജപവും ഭജനയും നടത്തി കൊടുക്കാറുമുണ്ട്. താല്പര്യമുള്ള ഭക്തജനങ്ങൾ നാമദ്വാറുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

# NAMADWAAR

**Omkar, Adampallikaavu Road, North Fort Gate**
**Tripunithura, Ernakulam – 682301**
**Contact: 7598523022**

ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ   ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ